"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - 'ഔഷധി'-യിൽ നിന്നും ഭാരതീയ ചികിത്സാ വകുപ്പിന് ടെൻഡർ നടപടികളില്ലാതെ നേരിട്ട് ഔഷധങ്ങൾ വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23- ൽ ഇളവ് നൽകിയിരിക്കുന്ന ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.89/2025/PPAD തീയതി,തിരുവനന്തപുരം, 24-09-2025

---

പരാമർശം:-

1. 17/05/2024-ലെ സ.ഉ.(സാധാ) നം. 47/2024/എസ്.പി.ഡി.
2. 21/01/2025 ലെ ഔഷധി മാനേജിംഗ് ഡയറക്ടറുടെ എസ്2-63A/05 നമ്പർ കത്ത്.
3. 27/02/2025 ലെ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ DISM/507/2024-C2 നമ്പർ കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിനു ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ 'ഔഷധി'-യിൽ നിന്നും നേരിട്ട് ഔഷധങ്ങൾ വാങ്ങുന്നതിനായി പരാമർശം (1) പ്രകാരം നൽകിയിരിക്കുന്ന ഇളവിന്റെ കാലാവധി അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. ടി ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറും ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഔഷധി സ്വന്തം ഫാക്ടറികളിൽ നേരിട്ട് ഉല്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകളും, സിദ്ധ മരുന്നുകളും, പൊതുവിപണിയിലെ വില്പന നിരക്കിൽ നിന്നും 30% കുറഞ്ഞ വിലയിൽ ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലുള്ള എല്ലാ ആശുപത്രികളിലും, ഡിസ്പെൻസറികളിലും ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന്, സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 -ൽ ഇളവ് നൽകിക്കൊണ്ടുള്ള അനുമതി, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജികുമാർ ആർ
ജോയിന്റ് സെക്രട്ടറി

പകർപ്പ് :-

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,

ആരോഗ്യ ഭവൻ, പി.ബി. നം.182, തിരുവനന്തപുരം - 695 001.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, ദി ഫർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻ), കേരള ലിമിറ്റഡ് (ഔഷധി) കുട്ടനെല്ലൂർ-പി.ഒ, തൃശ്ശൂർ- 680 014

ആയുഷ് (എ) വകുപ്പ് (AYUSH-A1/25/2025-AYUSH).

സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് പൊതുസംഭരണ ഉപദേശകകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ